# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
### 2020 ജനുവരി 26 ഞായർ

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.

videos: http://www.clipmail.kerala.gov.in

email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## റിപ്പബ്ലിക് ദിനം ആഘോഷിച്ചു

71-ാം റിപ്പബ്ലിക് ദിനം വർണ്ണാഭമായ ചടങ്ങുകളോടെ ജില്ലയിൽ ആഘോഷിച്ചു. രാവിലെ തേക്കിൻകാട് മൈതാനിയിൽ നടന്ന ചടങ്ങിൽ കൃഷി മന്ത്രി വി എസ് സുനിൽകുമാർ പതാക ഉയർത്തി പരേഡ് പരിശോധിക്കുകയും അഭിവാദ്യം സ്വീകരിക്കുകയും ചെയ്തു.

ജില്ലാ സായുധസേന, തൃശൂർ സിറ്റി പോലീസ്, റൂറൽ ലോക്കൽ പോലീസ്, സിറ്റി വനിത പോലീസ്, തൃശൂർ ഫോറസ്റ്റ്, എക്സൈസ്, ജയിൽ, അഗ്നിശമനസേന, എൻസിസി യൂണിറ്റുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ, ബാന്റ് ടീമുകൾ തുടങ്ങി 22 പ്ലാറ്റൂണുകൾ അണിനിരന്ന പരേഡ് കാണികളുടെ മനം കവർന്നു. ആകർഷകമായ യൂണിഫോമിൽ ചിട്ടയോടെ ചുവട് വെച്ച് നീങ്ങിയ പ്ലാറ്റൂണുകൾ മുഖ്യാതിഥിക്ക് അഭിവാദ്യമർപ്പിച്ചു. ജില്ലാ സായുധസേന റിസർവ്വ് ഇൻസ്പെക്ടർ കെ വിനോദ് കുമാറാണ് പരേഡ് നയിച്ചത്. ഇതാദ്യമായി വനിത സബ് ഇൻസ്പെക്ടർ പി വി സിന്ധു സെക്കന്റ് ഇൻ കമാന്റായി പരേഡിന് നേതൃത്വം നൽകി. ജില്ലാ കളക്ടർ എസ് ഷാനവാസ്, റൂറൽ ജില്ലാ പോലീസ് മേധാവി കെ പി വിജയകുമാരൻ, സിറ്റി പോലീസ് കമ്മീഷണർ ആർ ആദിത്യ എന്നിവർക്ക് പരേഡ് ആചാരമർപ്പിച്ചു. മികച്ച പ്ലാറ്റൂണുകൾക്കുള്ള സമ്മാനങ്ങൾ കൃഷി മന്ത്രി വി എസ് സുനിൽകുമാർ വിതരണം ചെയ്തു. ജില്ലാ സായുധസേന, റൂറൽ വനിത പോലീസ്, സെന്റ് തോമസ് കോളേജ് എൻസിസി ബോയ്സ് പ്ലാറ്റൂൺ, നെടുപുഴ പോളിടെക്നിക്ക് എൻസിസി ഗേൾസ് യൂണിറ്റ്, തൃശൂർ സിഎംഎസ് സ്കൂൾ എൻസിസി യൂണിറ്റ്, ചാലക്കുടി എംആർഎസ് എസ്പിസി യൂണിറ്റ്, ഹോളിഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ ബാന്റ് യൂണിറ്റ് എന്നിവ മികച്ച പ്രകടനത്തിനുള്ള പുരസ്ക്കാരം നേടി.

## ഭരണഘടന സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം: മന്ത്രി വി എസ് സുനിൽകുമാർ

മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നിർണ്ണയിക്കുന്നത് ഭരണഘടന ഉറപ്പു നൽകുന്ന തുല്യാവകാശത്തിന്റെ ലംഘനമാണെന്ന് കൃഷി മന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. തേക്കിൻക്കാട് മൈതാനിയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തിൽ സന്ദേശം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. മതത്തിന്റെ പേരിൽ മനുഷ്യരെ വിഭജിച്ച് ശൈഥില്യമുണ്ടാക്കാനായി തിരക്കിട്ട് തയ്യാറാക്കിയതാണ് പൗരത്വഭേദഗതി നിയമം. അതുകൊണ്ടാണ് രാജ്യമാകെ അതിനെതിരെ പ്രതിഷേധിക്കുന്നത്. ഈ നിയമം മതേതര ഭാരതത്തിന് അംഗീകരിക്കാനാവില്ല. രാജ്യത്ത് പലതരം പൗരൻമാരെ സൃഷ്ടിക്കുന്നതിനേ ഈ നിയമം ഉപകരിക്കൂ. രാഷ്ട്രീയ ജനാധിപത്യത്തിന്റേയും സാമ്പത്തിക ജനാധിപത്യത്തിന്റേയും ആത്മാംശമുള്ള ഭരണഘടനയെ എന്തുവില കൊടുത്തും സംരക്ഷിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നാനാത്വത്തിൽ ഏകത്വവും മതേതരത്വവും ഉയർത്തിപ്പിടിക്കണം. ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളിൽ ഏതിനെങ്കിലും മങ്ങലേൽകുന്നത് അതിന്റെ അന്ത:സത്ത നശിപ്പിക്കും. മത-ജാതി-വർഗ്ഗ-ലിംഗ വ്യത്യാസമില്ലാതെ എല്ലാവരും തുല്യ

രാണെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. ലോകത്തെ വികസിത രാജ്യങ്ങളുടെ നിരയിലേക്ക് ഇന്ത്യയെ എത്തിക്കുന്നതിന് കൂട്ടായി ശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ഭാഗമായി തൃശൂർ തേക്കിൻക്കാട് മൈതാനിയിൽ മന്ത്രി വി എസ് സുനിൽകുമാർ വിവിധ സേനാ വിഭാഗങ്ങളുടെ പരേഡ് പരിശോധിക്കുന്നു.***

***2) റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ഭാഗമായി തൃശൂർ തേക്കിൻക്കാട് മൈതാനിയിൽ മന്ത്രി വി എസ് സുനിൽകുമാർ ദേശീയപതാക ഉയർത്തുന്നു.***

# രാഷ്ട്രപതി വിശിഷ്ട-സേവ മെഡൽ പ്രഖ്യാപിച്ചു

രാഷ്ട്രപതിയുടെ വിശിഷ്ട-സേവ മെഡൽ കരസ്ഥമാക്കി രണ്ട് അഗ്നി രക്ഷാസേന പ്രവർത്തകർ. തൃശ്ശൂർ ഫയർ ആൻഡ് റെസ്ക്യൂ അക്കാദമിയിൽ പ്രവർത്തിക്കുന്ന അസി. സ്റ്റേഷൻ ഓഫീസറായ പി.എസ്. ശ്രീകിഷോറിനും തൃശ്ശൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറായ ഡി. ബൽറാം ബാബുവിനുമാണ് രാഷ്ട്രപതിയുടെ വിശിഷ്ട-സേവ മെഡൽ ലഭിച്ചത്. 2014-ൽ രാഷ്ട്രപതിയുടെ സ്തുത്യർഹ സേവനമെഡൽ കരസ്ഥമാക്കിയതിനെ തുടർന്ന് അഞ്ച് വർഷങ്ങൾക്ക് ശേഷം ഇരുവരും വിശിഷ്ട-സേവ മെഡലിന് തിരഞ്ഞെടുക്കപ്പെടുകയായിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്:***

***1) രാഷ്ട്രപതിയുടെ വിശിഷ്ട-സേവ മെഡൽ കരസ്ഥമാക്കിയ തൃശ്ശൂർ ഫയർ ആൻഡ് റെസ്ക്യൂ അക്കാദമിയിലെ അസി. സ്റ്റേഷൻ ഓഫീസർ പി.എസ്. ശ്രീകിഷോർ.***

***2) രാഷ്ട്രപതിയുടെ വിശിഷ്ട-സേവ മെഡൽ കരസ്ഥമാക്കിയ തൃശ്ശൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിലെ അസി. സ്റ്റേഷൻ ഓഫീസർ ഡി. ബൽറാം ബാബു***

### സർക്കാർ സ്ഥാപനങ്ങളിലെത്തുന്ന

### ബധിര-മൂകർക്ക് ആശയവിനിമയം എളുപ്പമാകും

# റവന്യൂ ജിവനക്കാർക്ക്
# ആംഗ്യഭാഷാ പരിശീലനത്തിന് തുടക്കമായി

ജില്ലയിലെ റവന്യൂ ഓഫീസുകളിലെത്തുന്ന ബധിര, മൂക വിഭാഗങ്ങൾക്കായി ആംഗ്യഭാഷയിൽ ആശയ വിനിമയം നടത്താൻ പരിശീലനം സിദ്ധിച്ച ഒരു ഉദ്യോഗസ്ഥൻ ഇനി മുതൽ ഉണ്ടാവും. ഈ സൗകര്യം ഏർപ്പെടുത്തുന്ന ആദ്യ ജില്ലയാണ് തൃശൂർ. ഇതിനായി റവന്യൂ ജീവനക്കാരെ പരിശീലിപ്പിക്കുന്ന ക്യാമ്പിന് തുടക്കമായി. ജില്ലാ കളക്ടർ എസ് ഷാനവാസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

വിദഗ്ധ പരിശീലനത്തിന് ശേഷം ജീവനക്കാരെ സർക്കാർ ഓഫീസുകളിലെ അന്വേഷണ വിഭാഗത്തിൽ നിയോഗിക്കും. ആശയവിനിമയത്തിലെ തടസ്സങ്ങൾ മൂലം ബധിര-മൂക വിഭാഗ ത്തിൽപ്പെടുന്ന പൊതുജനങ്ങൾക്ക് വിവിധ സർക്കാർ ഓഫീസുകളിൽ നേരിടേണ്ടി വരുന്ന പ്രയാ സങ്ങൾ പരിഹരിക്കുകയാണ് ലക്ഷ്യം. ജില്ലാ കളക്ടർ എസ് ഷാനവാസ് ആണ് പദ്ധതി നടപ്പാ ക്കാൻ മുൻകൈ എടുത്തത്. കളക്ട്രേറ്റിലും എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലുമെത്തുന്ന സംസാരശേഷിയും ശ്രവണ ശേഷിയും ഇല്ലാത്ത വ്യക്തികൾക്ക് അവരുടെ പരാതി ഇടനിലക്കാരുടെ സഹായമില്ലാതെ ഉദ്യോഗസ്ഥരോട് നേരിട്ട് അറിയിക്കാനും ആശയ വിനിമയം നടത്താനും ഇതിലൂടെ കഴിയും. സർക്കാർ ഓഫീസുകൾ ഇത്തരം വ്യക്തികൾക്ക് വേഗത്തിൽ ആശ്രയിക്കാവുന്ന ഇടങ്ങളായി മാറ്റിയെടുക്കുന്നതിന് ഇതിലൂടെ സാധിക്കും.

തൃശൂർ ഡഫ് അസോസിയേഷന്റെ സഹകരണത്തോടെയാണ് പരിശീലനം ചിട്ടപ്പെടുത്തിയി രിക്കുന്നത്. ആദ്യ ഘട്ടത്തിൽ ആംഗ്യ ഭാഷാ പരിശീലനം നൽകിയത് തലപ്പിള്ളി താലൂക്ക്, വില്ലേജ് ഓഫീസുകളിലെ 50 ജീവനക്കാർക്കാണ്. നവധ്വനി ഡയറക്ടർ ഫാ.ബിജു മൂലക്കര ക്ലാസ് നയിച്ചു. എഡിഎം റെജി പി ജോസഫ്, ഹുസൂർ ശിരസ്തദാർ കെ ജി പ്രാൺസിംഗ്, തലപ്പിള്ളി തഹ സിൽദാർ റഫീഖ്, ബധിര-മൂക അസോസിയേഷൻ ചെയർപേഴ്സൺ അഡ്വ. ബീന ടോണി എന്നി വർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്:***

*1) റവന്യൂ ജിവനക്കാർക്കുള്ള ആംഗ്യഭാഷാ പരിശീലനം തലപ്പിള്ളി താലൂക്കിൽ ജില്ലാ കള ക്ടർ എസ് ഷാനവാസ്  ഉദ്ഘാടനം ചെയ്യുന്നു*

*2)  തലപ്പിള്ളി താലൂക്ക് ഓഫീസിൽ നടന്ന റവന്യൂ ജിവനക്കാർക്കുള്ള ആംഗ്യഭാഷാ പരിശീലനം*